**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

**വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035**

**ഫോൺ: 0471 2302490 ഫാക്സ് :0471 2303025/2303080**

ഇ-മെയിൽ: dhskerala@gmail.com വെബ്സൈറ്റ്:

**www.dhs.kerala.gov.in**

---

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയംആരോഗ്യവകുപ്പ് - ഡോ.സുജേഷ് എം.എസ് (Dr. Sujesh M S), അസിസ്റ്റന്റ് സർജൻ - അസിസ്റ്റന്റ് സർജൻ കേഡറിലെ പ്രൊബേഷൻ അവസാനിപ്പിച്ച് സെർവീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:1. നം. എ1- 5541/2020/ജിമെഓ പാലക്കാട് തീയതി.11.06.2020

2. നം. DHS/8718/2023-EA4(25) തീയതി. 07.10.2024

**ഉത്തരവ് നം DHS/8718/2023-EA4 (25) തീയതി.08-12-2024**

ഡോ. സുജേഷ് എം.എസ്, 07.02.2020 ൽ ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് സർജൻ ആയി ജോലിയിൽ പ്രവേശിപ്പിക്കപ്പെട്ട വ്യക്തിയാണ്. പെരുമാട്ടി പ്രാഥമികാരോഗ്യകേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ ആയി സേവനത്തിൽ തുടരവെ 17.02.2020 മുതൽ ടിയാൾ അനധികൃതമായി

ജോലിയ്ക്കു ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം (1) പ്രകാരം പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്റ്റ് (Work and Conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാർശം (2) പ്രകാരം നോട്ടീസ് നൽകുകയും ചെയ്തിരുന്നു. എന്നാൽ ഡോ. സുജേഷ് എം.എസ് പ്രസ്തുത നോട്ടീസിനോട് പ്രതികരിച്ചിട്ടില്ല.

2 . 17.02.2020 മുതൽ അനധികൃതമായി ജോലിക്കു ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ. സുജേഷ് എം.എസ് ന്റെ വർക്ക് ആന്റ് കോണ്ടക്റ്റ് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

3. മേൽ സാഹചര്യത്തിൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ഡോ. സുജേഷ് എം.എസ് അസിസ്റ്റന്റ് സർജൻ ന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സെർവീസിൽ നിന്നും നീക്കം ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

Signed by
Reena K J
Date: 08-12-2024 12:26:40

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr. Sujesh M S,**

**Sruthi House, Sanathanapuram, Alappuzha 688001**

[രജിസ്റ്റേർഡ് (എഡി സഹിതം)]

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (A & E), തിരുവനന്തപുരം

2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) പാലക്കാട്

3.മെഡിക്കൽ ആഫീസർ ഇൻ ചാർജ്ജ്, പ്രാഥമികാരോഗ്യകേന്ദ്രം പെരുമാട്ടി

4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്

5. ഫയൽ / സ്റ്റോക്ക് ഫയൽ